**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1383** **08-12-2022 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കരയിലെ അത്താണി പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ തൃക്കാക്കരയിലുള്ള അത്താണി പാലം ശോചനീയ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | അത്താണി പാലം പുനർനിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പാലം പൊളിച്ചു പണിയുന്നതിന് ജലസേചന വകുപ്പിന്റെ NOCയ്ക്കായി കത്ത് നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് അറിയിച്ചിട്ടുണ്ട്. 5 മീറ്ററിൽ പാലം നിർമ്മിച്ചാൽ കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടിവരും. മാത്രവുമല്ല നിർമ്മാണ ചെലവ് അധികരിക്കും. ക്ലിയറൻസ് കുറയ്ക്കുന്നതിന് ജലസേചന വകുപ്പിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻസിപ്പാലിറ്റിയുടെ അനുമതിയോടെ വെർട്ടിക്കൽ ക്ലിയറൻസിൽ മാറ്റം വരുത്തി നിർമ്മാണ പ്രവത്തികൾ ചെയ്യുന്നതിന് തടസ്സമില്ലെന്ന് വകുപ്പ് അറിയിച്ചു. തൃക്കാക്കര മുൻസിപ്പാലിറ്റിയിൽ നിന്ന് പ്രദേശത്തെ സ്വാഭാവിക നീരൊഴുക്കിന് തടസ്സമുണ്ടാകാ ത്ത രീതിയിൽ പ്രവൃത്തി നിർവ്വഹിക്കാവുന്നതാ ണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. അതു പ്രകാരം ഡിസൈൻ നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് തൃക്കാക്കര എം.എൽ.എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ